ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : നിവേദനം നടത്തിയിട്ടുണ്ട്. കേന്ദ്രഭക്ഷ്യ കാര്യമന്ത്രി ശ്രീ ജഗ്ജീവൻ റാമും ഡെപ്യൂട്ടിമന്ത്രി ഷാനവാസ്ഖാനും ഇവിടെ വന്നപ്പോൾ ഞാൻ അവരുമായി ഈ കാര്യത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. അതിന്റെ ഫലമായി അവർ അല്പസ്വല്പം ശുഷ്ചിച്ച് അയച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ക്ഷേമസംഭരണ-വിതരണ കാര്യങ്ങളും ഓപ്പൺ മാർക്കറ്റിലെ അരിവില നിയന്ത്രിക്കുന്ന കാര്യവും ആലോചിക്കാമെന്ന് മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഒരു ഫുഡ് അഡൈ്വസറി കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി ഇന്ന് നിലവിലുണ്ടോ, കൂടാറുണ്ടോ, ഇതിനെപ്പറ്റി ആലോചിക്കാറുണ്ടോ, ഈ ആറുമാസത്തിനകം എത്ര പ്രാവശ്യം കൂടി ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതിന് ഒരു പ്രത്യേക ചോദ്യം തന്നെ വേണം.

ശ്രീ. ബി. മാധവർ നായർ : ഫുഡ് കാർപ്പറേഷൻ സംഭരിക്കുന്ന അരിയുടെ കാളിറ്റി നിശ്ചയിക്കുന്നത് അവരുടെ കാളിറ്റി കൺട്രോളറന്മാരാണ്. അതു കൊണ്ട് അവർ പറയുന്നതാണ് ഇന്നു നടക്കുന്നത്. അതുമാറ്റി, നമ്മുടെ ഉദ്യോഗസ്ഥന്മാർക്കുകൂടി ഇതു പരിശോധിച്ചു നിശ്ചയിക്കാനുള്ള അവസരം നൽകാൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സംഭരിക്കുന്ന സ്ഥലത്തുവച്ചാണ് കാളിറ്റി നിശ്ചയിക്കുന്നത്. ബർമ്മയിൽനിന്നും വരുന്ന അരിക്ക് അവിടെവച്ച് പേരിട്ടുകയാണ്. അതു ചെലപ്പോൾ വെളുത്ത ആളിനു 'കറുപ്പ്' എന്ന പേരു് ഇട്ടാലതുപോലെ സംഭവിക്കുന്നുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : നേപ്പാൾ, ബീഹാർ മുതലായ സ്ഥലങ്ങളിൽ നിന്നും അരി ഇവിടെ കൊണ്ടുവരുന്നതു കൊണ്ട് ഓപ്പൺ മാർക്കറ്റിൽ അരിയുടെ വില കുറഞ്ഞിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : വില കുറച്ചു കുറഞ്ഞിട്ടുണ്ട്.

ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സ്

* 153. [576] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽനിന്ന് എത്രയാണ് പാഠപുസ്തകങ്ങളുടെ കോപ്പികൾ അച്ചടിക്കുവാൻ സ്വകാര്യ പ്രസ്സിൽ ഏല്പിച്ചതിനെതിരായി അന്വേഷണം നടത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെന്റിലേക്ക് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ :

(സി) അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) ഉണ്ട്.

(ബി, സി) സ്വകാര്യ പ്രസ്സിൽ ഏല്പിച്ചതു് ഗവണ്മെന്റുത്തരവനുസരിച്ചായതിനാൽ അന്വേഷണത്തിന്റെ ആവശ്യമില്ല.

ശ്രീ. പി. കുഞ്ഞൻ : സർ, ഇതേ ചോദ്യം തന്നെ കഴിഞ്ഞ അസംബ്ലിയിലും ചോദിച്ചിട്ടുള്ളതാണ്. അന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് കൊടുത്തിട്ടില്ലെന്നാണ്. കംപോസിംഗ് കഴിഞ്ഞ 6,04,000 ത്തോളം വരുന്ന ടെക്സ്റ്റു്

LIBRARY ARCHIVES Kerala Legislative Assembly

ബുക്കുകളും കണക്കുകളും വിക്ടറി പ്രസ്സിൽ കൊടുത്തതിനെ സംബന്ധിച്ച് അതിന്റെ തെളിവുകളുംസഹിതം ഞാൻ മന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ടായിരുന്നു. അതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഏകദേശം 41 ലക്ഷത്തോളം കോപ്പിക്കുള്ള മാറ്ററുകളും മറ്റു പ്രസ്സുകളിൽ കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഗവണ്മെന്റ് പ്രസ്സിലെ തൊഴിലാളികളും പണിമുടക്കിയതിന്റെ ഫലമായിട്ട് ആണ് ഇതുണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട മെംബർ, കംപോസ് ചെയ്ത് ഒരു മാറ്ററിന്റെ കോപ്പി എന്നെ ഏല്പിക്കുകയുണ്ടായി. അത് പ്രത്യേകമായ അന്വേഷണത്തിലിരിക്കുകയാണ്.

ശ്രീ. പി. കുഞ്ഞൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു സമരത്തിന്റെ ഫലമായിട്ടാണ ഗവണ്മെന്റ് പ്രസ്സിൽ അടിക്കാത്തത് എന്ന്. സമരം തീർന്നതിനു ശേഷമാണ് ഈ കോപ്പികളും പുറത്തുകൊടുത്തിട്ടുള്ളത്. സമരത്തിനുശേഷം ഇന്നുവരെയും ഷൊർണ്ണൂരിലും എറണാകുളത്തുമുള്ള ഗവണ്മെന്റ് പ്രസ്സുകളിൽ യാതൊരു ഓർഡറുകളും കൊടുത്തിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഷൊർണ്ണൂർ പ്രസ്സിലും പാഠപുസ്തകങ്ങളും അടിച്ചിട്ടുണ്ട്. സമരത്തിനുശേഷം എത്ര കോപ്പികളാണ് അടിച്ചിട്ടുള്ളത് എന്നുള്ളവിവരം എന്റെ കൈയിലില്ല.

ശ്രീ. പി. കുഞ്ഞൻ ; സർ, സമരം കഴിഞ്ഞതിനുശേഷമാണ് ഈപുസ്തകങ്ങളുടെ കോപ്പികളും പുറത്തു കൊടുത്തിട്ടുള്ളത്. സമരം തീർന്നതിനുശേഷവും പ്രസ്സിലെ തൊഴിലാളികൾക്ക് യാതൊരു ജോലിയും കൊടുക്കാതിരിക്കാൻ അവിടത്തെ ഉദ്യോഗസ്ഥനായ തോമസ് കരുതിക്കൂട്ടി പ്രവർത്തിച്ചു എന്നുള്ള വസ്തുത പരിഗണിച്ച് അതിനെ സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : ആ പ്രസ്താവന ശരിയല്ല. ഗവണ്മെന്റ് പ്രസ്സിൽ അന്നുണ്ടായിരുന്ന മാറ്ററുകളും മുഴുവനും സ്റ്റൂക്ക് തുറക്കുന്നതിനു മുൻപു് അടിച്ചുതരാൻ സാധിക്കുകയില്ലെന്നു പറഞ്ഞതനുസരിച്ചാണ് കുറേ മാനുസ്ക്രിപ്റ്റുകൾ സാധാരണ പ്രസ്സുകൾക്ക് ടെൻഡർ വിളിച്ച് കൊടുത്തത്. ഷൊർണ്ണൂർ പ്രസ്സിൽ ഉണ്ടായിരുന്നതിൽ നിന്നും കുറെ പുറത്തുകൊടുത്തിട്ടുണ്ട്. സമരത്തിനുശേഷം പ്രസ്സിലെ തൊഴിലാളികൾക്ക് ഒരു വർക്കും കൊടുത്തിട്ടില്ലെന്നു പറയുന്നതു ശരിയല്ല. ബഹുമാനപ്പെട്ട മെംബർ അവിടത്തെ തൊഴിലാളികൾക്ക് സമരം കഴിഞ്ഞതിനുശേഷം ജോലി കൊടുത്തിട്ടില്ലെന്നു പറയുകയാണെങ്കിൽ ഞാൻ അന്വേഷിക്കാൻ തയ്യാറാണ്.

ശ്രീ. കെ. ടി. ജോർജ്ജ് : പ്രൈവറ്റ് പ്രസ്സിൽ മാറ്ററുകൾ കൊടുത്ത അവസരത്തിൽ ഏതെല്ലാം പ്രസ്സുകളിലാണ് കൊടുത്തിട്ടുള്ളത് ? അതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് ?

ശ്രീ. ടി. കെ. ദിവാകരൻ : ടെക്സ്റ്റ് ബുക്ക് ഡയറക്ടറും ഡി. പി. ഐ.-യുമാണ് അതിനുള്ള ഏർപ്പാടുചെയ്യുന്നത്. ഇതിനെപ്പറ്റി പ്രത്യേകം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. പി. പി. കുഞ്ഞൻ : ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽനിന്നും കഴിഞ്ഞ വർഷം ടൺകണക്കിനു വേസ്റ്റ് പേപ്പർ കട്ടിംഗ് അനധികൃതമായി കടത്തിക്കൊണ്ടുപോയതു് തടഞ്ഞുവച്ചതിനെപ്പറ്റിയുള്ള റിപ്പോർട്ട് ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ, അതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോഴും വിശദമായി മറുപടി പറയാൻ നിർവ്വാഹമില്ല. എങ്കിലും ഇതു നെയ്യാറ്റിനു പരാതിയുണ്ടായിട്ടുള്ളതായി അറിയാം. ആ കാരണം പറഞ്ഞുകൊണ്ട് അവിടത്തെ അസിസ്റ്റന്റ് സ്റ്റോർകീപ്പറെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്. ആ അന്വേഷണം തൃപ്തികരമല്ലെന്നു പറഞ്ഞതുകൊണ്ട് വ്യാവസായിക വകുപ്പിലെ ജോയിന്റ് സെക്രട്ടറി ഇക്കാര്യം പ്രത്യേകം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. കെ. ശേഷൻ : ടെൻഡർ വിളിച്ച് പാഠപുസ്തകങ്ങൾ അടിക്കാൻ ഏല്പിച്ചു കൊടുക്കുന്നു പറഞ്ഞു. ടെൻഡർ വിളിക്കാതെ ഏതെങ്കിലും പ്രസ്സിനെ ഏല്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : അറിയുകയില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : ഇൻഡ്യാഗവണ്മെന്റിന്റെ കീഴിൽ പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി ഇൻഡ്യ 3 മേഖലകളായി തിരിച്ച് 3 സ്ഥാപനങ്ങളും ഉണ്ടാക്കുമെന്നു പറഞ്ഞിട്ടുണ്ട്. ദക്ഷിണസംസ്ഥാനങ്ങൾക്കുവേണ്ടി മൈസൂരിൽ ഒരു മേഖല സ്ഥാപിക്കുന്നുണ്ടെന്നും അതു വികസിപ്പിക്കാനുദ്ദേശിക്കുന്നുണ്ടെന്നും പറഞ്ഞിട്ടുണ്ട്. ഇതെപ്പറ്റി നമ്മുടെ ഗവണ്മെന്റു കേന്ദ്രഗവണ്മെന്റുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; നമ്മുടെ പാഠപുസ്തകങ്ങളുടെ അച്ചടി മൈസൂരിലാക്കാൻ ഏർപ്പാടുണ്ടോ, ഭാവിയിലെങ്കിലും അതു സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഗവണ്മെന്റ് പ്രസ്സിന്റെ ചുമതല കൊടുക്കുന്നതു മാറ്റുകയും അച്ചടിക്കുക എന്നുള്ളതാണ്. പാഠപുസ്തകങ്ങളുടെ അച്ചടി വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയാണ്. അതുകൊണ്ട് ഈ ചോദ്യം പ്രത്യേകം ചോദിക്കണം.

ശ്രീ പി.പി. ജോർജ് : ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽ അടിക്കാൻ ഏല്പിച്ചിരുന്നതിൽനിന്നും 6,04,000 കോപ്പിയും കന്നംകുളം പ്രൈവറ്റ് പ്രസ്സിൽ അടിക്കാൻ ഏല്പിച്ചു എന്നു ചോദ്യകർത്താവു പറഞ്ഞതു വസ്തുത ശരിയാണോ ?

ശ്രീ. ടി. കെ. ദിവാകരൻ : പ്രത്യേകമായി ചോദിക്കണം. ഇപ്പോൾ അതിനെപ്പറ്റിയുള്ള വിവരം കൈവശമില്ല.

ശ്രീ. പി. കുഞ്ഞൻ : കഴിഞ്ഞവർഷം ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽ 14 ലക്ഷം കോപ്പിയും അടിച്ചിട്ടുണ്ട്. ഈ വർഷത്തിൽ 11 ലക്ഷം കോപ്പിയും മാത്രമായിരുന്നിട്ടും അതിൽനിന്നും 6,04,000 കോപ്പിയും പുറത്തുകൊടുത്തു അടിപ്പിക്കാനുണ്ടായ കാരണമെന്താണെന്നു പറയാമോ ?

ശ്രീ. ടി. കെ. ദിവാകരൻ : കഴിഞ്ഞവർഷമുണ്ടായകാരണം പണിമുടക്കായിരുന്നു. ഈ വർഷം അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

അലോപ്പതി ഔഷധ നിർമ്മാണം

* 154 [577] ശ്രീ കെ. ശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു സഹകരണമേഖലയിൽ 'അലോപ്പതി' ഔഷധ നിർമ്മാണം ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ബഹു : ധനകാര്യമന്ത്രി മുമ്പാകെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച പ്രസ്തുത പദ്ധതി കഴിയുംവേഗം നടപ്പിലാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly